# കന്നി

സവിത, എൻ.



കന്നി
സവിത, എൻ.
(മലയാളം: ചെറുകഥ)

© 2021, Savitha, N.

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Morisot—the bowl of milk, a painting by Berthe Morisot (1841–1895). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കന്നി

മൺകല്ലുകൾ കൊണ്ട് കെട്ടിപ്പൊക്കിയ ഒരു ചെറിയ കലുങ്കായിരുന്നു, അത്. ഇരുൾ മൂടിയതുകൊണ്ട് ചെങ്കല്ലിന്റെ നിറം വ്യക്തമായിരുന്നില്ല. മുകളിൽ മരച്ചില്ല പോലൊന്നിൽ തൂങ്ങിയാടുന്നത് ഒരു സ്ത്രീ ശരീരമാണെന്ന് ഇരുട്ടിലും എനിക്ക് മനസ്സിലായി. സത്യത്തിൽ അതു മാത്രമാണ് നിഴൽ പോലെ കാണാൻ പറ്റിയിരുന്നത്. ഓരോ ആട്ടത്തിലും കഴുത്ത് നേർത്തു നേർത്ത് വന്ന് കയർ കഴുത്തിനുള്ളിലെ ഏക ബിന്ദുവിൽ വന്നു നിന്നു. അടുത്ത ആട്ടത്തിൽ ശരീരവും തലയും രണ്ടിടത്ത് ആവുമെന്നും അത് പാടില്ലെന്നും എന്റെ ഉള്ളിൽ ആരോ പറഞ്ഞു കൊണ്ടിരുന്നു.

ആ നിമിഷത്തിൽ തന്നെയായിരിക്കണം ഉണർന്നത്. അല്ലെങ്കിൽ ഉണർന്നു എന്ന് തോന്നിയത്. തിരിഞ്ഞും മറിഞ്ഞും കുറച്ചു നേരം കിടന്നു. പുറത്തു നിന്ന് ഒരു കിലുക്കം കേട്ടതു കൊണ്ടാണ് എഴുന്നേറ്റു കളയാം എന്നു വെച്ചത്. നേരം പുലരുന്നതേ ഉണ്ടായിരുന്നുള്ളൂ. കിലുക്കം അടുത്തെവിടെ നിന്നോ ആണെന്ന് തോന്നി. ഞാൻ ജനാലയുടെ കർട്ടൻ വകഞ്ഞു കൊണ്ട് പുറത്തേക്ക് നോക്കി. ഇപ്പോൾ ശബ്ദം ചുവരിനുള്ളിൽ നിന്ന് വരുന്നത് പോലെയാണ്. ആരോ ചുവരിലൂടെ ഊർന്നിറങ്ങി കൊലുസിന്റെ ശബ്ദത്തോടെ താഴേക്ക് ചാടുന്നു. പെട്ടെന്ന് എന്തോ ഭയം തോന്നിയെങ്കിലും അടുത്ത നിമിഷത്തിൽ അതു വക വെക്കാതെ ഞാൻ ജനലിലൂടെ പുറത്തേക്ക് നോക്കി.

കന്നി!

അവൾ പാവാടയിൽ എന്തോ നിറച്ച് വെച്ചത് കൈ കൊണ്ട് താങ്ങി പിടിച്ച് പതിയെ നടന്നു മറഞ്ഞു. കിലുക്കം അകന്നു പോയി.



ഇത് എത്രാമത്തെ തവണയാണ് കന്നിയെ സ്വപ്നം കാണുന്നത്! ചിലപ്പോൾ സ്വപ്നം കഴിഞ്ഞിട്ടും ഒരു തുടർച്ചയെന്നവണ്ണം ഞാൻ മറ്റെന്തൊക്കെയോ കാണുന്നു, പാതി ഉണർവിലും. എന്റെ സങ്കല്പത്തിലെ തസ്കരൻമാർക്ക് സ്ത്രീയുടെ, കന്നിയുടെ ഛായയായിരുന്നു. ഏതു ചുവരിലൂടെയും കയറിയിറങ്ങാൻ കഴിയുന്ന കൊലുസിട്ട ഒരു തമിഴ് പെൺകുട്ടിയുടെ ഛായ. ഞാൻ അവളെ പല തവണ സ്വപ്നം കണ്ട് ഞെട്ടിയെഴുന്നേറ്റു.

ജോലി ആവശ്യത്തിനായി ചെന്നൈയിലെ ഓഫീസ് ഗസ്റ്റ് ഹൗസിൽ ഒരാഴ്ച താമസിച്ച കാലത്ത് ബാംഗ്ലൂരിലെ അപാർട്മെന്റിന്റെ പുറത്തെ ചുവരിൽ മണ്ണു പുരണ്ട കാലടയാളങ്ങൾ സ്വപ്നം കണ്ടിരുന്നു. ആ രാത്രിയിലെ സ്വപ്നത്തിലാണ് അലമാരയിൽ അടുക്കി വെച്ച എന്റെ അടിയുടുപ്പുകളിൽ ഒന്നൊഴികെ എല്ലാം കവർച്ച പോയിരിക്കുന്നു എന്ന് കണ്ടത്. എന്നിട്ട് നഷ്ടപ്പെട്ടുപോയവയുടെ നിറങ്ങൾ ഓർത്തെടുക്കാനാവാതെ രാത്രിയുടെ മധ്യത്തിലെപ്പൊഴൊ എഴുന്നേറ്റ് ലാപ്ടോപ്പ് തുറന്ന് ഓഫീസ് ജോലികൾ പൂർത്തിയാക്കിയത്. പിന്നീട് അതേ ഇരുപ്പിൽ ബാക്കി ഉറക്കം പൂർത്തിയാക്കിയത്. സ്ഥാനം തെറ്റി വെച്ച ചായപ്പൊടി ഡബ്ബ കണ്ടു പിടിക്കാൻ പറ്റാതെ രാവിലെ വീട്ടിൽ നിന്നു ഭർത്താവു വിളിച്ചപ്പോൾ ഞാൻ സ്വപ്നകഥ വിവരിച്ചു കൊണ്ട് പറഞ്ഞു.

“നമ്മൾ അന്നു നോക്കി വെച്ച പൂട്ടുള്ള ഗോദറെജ് അലമാര വാങ്ങിക്കണം, വില അല്പം കൂടുതലാണെങ്കിലും. അല്ലെങ്കിൽ ഒരു ചെറിയ ലോക്കർ”

“എന്തിന്, അടിയുടുപ്പുകൾ പൂട്ടി വെക്കാനോ!” ഫോണിന്റെ മറുതലയ്ക്കൽ അദ്ദേഹം പൊട്ടിച്ചിരിച്ചു.

കന്നി എന്റെ കുഞ്ഞുടുപ്പുകളാണ് ആദ്യം മോഷ്ടിച്ചത്. ലക്ഷ്മി മാമിയുടെ വീടിന്റെ ചുവരുകളിലാണ് അവളുടെ കാല്പാദങ്ങൾ ഞാൻ ആദ്യം കണ്ടത്. പിന്നീട് സ്വപ്നങ്ങളിൽ അവ എന്നെ പിന്തുടർന്നു. മണ്ണു പുരണ്ട പാദങ്ങൾ ചുവരിലൂടെ ഊർന്നിറങ്ങി. ലക്ഷ്മി മാമിയും കുടുംബവും എന്റെ ബാല്യകാലത്തെ അയല്പക്കമായിരുന്നു. കന്നി എന്ന തമിഴ് പെൺകുട്ടി മറ്റൊരു അയല്പക്കത്തെ പണിക്കാരിയും. അവൾ എങ്ങിനെ ഇവിടെ വന്നു പെട്ടു എന്നത് എനിക്ക് ഓർമ്മയില്ലാത്ത കാര്യമാണ്. പശുവിന് കാടി കൊടുക്കാൻ അയൽ വീടുകളിൽ നിന്ന് കഞ്ഞി വെള്ളം എടുക്കാൻ ഉച്ച കഴിഞ്ഞ സമയത്ത് കന്നി വരും. വീട്ടുകാർ വടക്കെ അറയിൽ പായ വിരിച്ച് ഒന്ന് മയങ്ങുന്ന സമയം. തുറന്നിട്ട വാതിലുകളിലൂടെ കാറ്റ് പരക്കം പായുന്ന ശബ്ദം കേൾക്കാം. എങ്കിലും കന്നി വന്ന് കഞ്ഞി കൊണ്ടു പോവുന്ന ശബ്ദം ആരും കേട്ടിരിക്കില്ല. അത്ര നിശ്ശബ്ദമായാണ് അവൾ വന്നു പോവാറുള്ളത്. എങ്കിലും ഞാൻ സ്വപ്നത്തിൽ ഒരു കൊലുസിന്റെ ശബ്ദം കേട്ടിരുന്നു. ഉടുപ്പുകൾ കാണാതാവുന്നത് ആദ്യമൊന്നും അമ്മ ശ്രദ്ധിച്ചിരുന്നില്ല. ലക്ഷ്മി മാമിയും കുടുംബവും ഗുരുവായൂർ താമസിച്ചു തൊഴാൻ പോയ ഒരു രാത്രി കഴിഞ്ഞുള്ള പകൽ സമയത്താണ് അവരുടെ വീട്ടിൽ നിന്നും നിലവിളി ഉയർന്നത്. കരച്ചിൽ കേട്ട് ഓടിക്കൂടിയ അയൽക്കാരിൽ ഞാനും ഉണ്ടായിരുന്നു. ഓടുകൾ ഇളക്കി മാറ്റിയ നിലയിൽ ചുവരിലൂടെ ഒരു കയർ തൂങ്ങിക്കിടന്നു. ചുവരിൽ മണ്ണു പുരണ്ട പാദമുദ്രകൾ.



“എല്ലാം പോയാച്ച് അമ്മാ!” ലക്ഷ്മി മാമിയുടെ മകൾ ചിപ്പി, മാമിയെ കെട്ടിപ്പിടിച്ച് കരഞ്ഞു. അവൾ എന്റെ കളിക്കൂട്ടുകാരി കൂടെയാണ്. അവളുടെ പാവക്കുട്ടികളും കുപ്പായങ്ങളും അടുക്കളയിൽ നിന്ന് കുറേ മധുര പലഹാരങ്ങളും അന്ന് കളവു പോയിരുന്നു. ഇതിനു മുൻപ് പല തവണ കൊള്ളയടിക്കപ്പെട്ടിട്ടുള്ള അവരുടെ വീട്ടിൽ ഇത്തരമൊന്ന് അസാധാരണമായിരുന്നു. ആ കവർച്ചയുടെ അന്വേഷണം ചെന്നു നിന്നത് കന്നിയുടെ താവളത്തിലായിരുന്നു. പുറത്തെ അയയിൽ വിരിച്ചിട്ടതിനു ശേഷം എവിടെ നഷ്ടപ്പെട്ടുവെന്ന് അറിയാതിരുന്ന എന്റെ കുഞ്ഞുടുപ്പുകളും അതു പോലെ നഷ്ടപ്പെടുകയും ആരും ശ്രദ്ധിക്കാതിരിക്കുകയും ചെയ്ത മറ്റനേകം സാധനങ്ങളും അവളുടെ താവളത്തിൽ നിന്നും കണ്ടെടുക്കപ്പെട്ടു. പിന്നീട് കന്നിക്ക് എന്ത് സംഭവിച്ചു എന്നത് എന്റെ ഓർമ്മയിൽ ഇല്ല. എങ്കിലും, ഇടയ്ക്ക് ഒരു കിലുക്കത്തോടെ അവൾ എന്റെ സ്വപ്നങ്ങളിൽ ഊർന്നിറങ്ങി.

പെയിന്റ് പണിക്കാരൻ ചന്ദ്രപ്പയുടെ കൂടെ ഒരു കിലുക്കവും കൂടെ വന്നപ്പോൾ ഞാൻ കന്നിയെ വീണ്ടും ഓർത്തു. അപാർട്മെന്റ് പെയിന്റ് ചെയ്യാൻ ഞങ്ങൾ അയാൾക്ക് കോൺട്രാക്റ്റ് കൊടുത്തിരുന്നു. പെയിന്റ് വീണ നിലം വൃത്തിയാക്കാൻ അയാൾ ഒരു പെണ്ണിനെയും കൊണ്ടു വന്നതാണ്. പേര്, മല്ലിക. കൈയ്യിൽ പല വർണ്ണ കുപ്പിവളകളും കാലിൽ വീതി കുറഞ്ഞ കൊലുസും ധരിച്ച ഒരു ടിപ്പിക്കൽ തമിഴ് പെണ്ണ്. പതിനാറ്—പതിനെട്ടു വയസു കാണണം. കുനിഞ്ഞിരുന്ന് നിലം തുടക്കുന്നതിനിടയിൽ അവൾ പറഞ്ഞു:

“അപ്പാ കന്നഡിഗാ, അമ്മ തമിൾ, അണ്ണാ കോളേജ് പഠിക്കറുതു്”

ചന്ദ്രപ്പയുടെ മകൾ ആണെന്ന് അപ്പോഴാണ് മനസിലായത്.

“നീ എന്താ സ്കൂൾ പോവാഞ്ഞത്?”

“രണ്ടു പസങ്ങളെ പഠിക്ക വെക്കറുത് അപ്പാക്ക് മുടിയാത്. അവരു നല്ലാ പാക്കറുത്. അതുക്ക് നാൻ അപ്പാവെ ഹെൽപ്പ് പണ്ണറുതു്” അവൾ അഭിമാനത്തോടെ പറഞ്ഞു.

പെൺകുട്ടിയെ സ്കൂളിൽ വിടാത്തതിന് എനിക്ക് ചന്ദ്രപ്പയോട് ദേഷ്യം തോന്നി.

പെയിന്റ് പണിയുടെ ബാക്കി നിന്നിരുന്ന പൈസ വാങ്ങാൻ എത്തിയപ്പോൾ ഞാൻ ചന്ദ്രപ്പയോട് ചോദിച്ചു.

“നിങ്ങൾക്ക് എത്ര മക്കളാണ്?”

“എനിക്ക് ഒന്നേയുള്ളൂ. അവൻ കോളേജിൽ പോവുന്നു. ഇവളെ വളർത്തുന്നതാ! ഇവളുടെ അപ്പനും അമ്മയും ഒക്കെ മരിച്ചു പോയി!”

വളർത്തുന്നതോ! വളർത്താൻ ഇവളെന്താ പൂച്ചയോ പട്ടിയോ ആണോ എന്ന് ചോദിക്കണമെന്നുണ്ടായിരുന്നു. ആളുകളെ മുഷിപ്പിക്കാൻ എനിക്കു മടിയാണ്. അതു കൊണ്ട് വേറൊന്ന് ചോദിച്ചു.

“ഇവളെയെന്താ സ്കൂളിൽ വിടാത്തത്?”

ചന്ദ്രപ്പ അവളുടെ മുഖത്തു നോക്കി കളിയാക്കാൻ തുടങ്ങി.

“ഇവളോ, ഇവൾ എന്തിനാ സ്കൂളിൽ പോവുന്നത് എന്നറിയാമോ? ഡാൻസ് ചെയ്യാൻ! ഏഴാം ക്ലാസ്സ് തോറ്റു. ഇവർക്കൊക്കെ എന്തറിയാം ജീവിതം! മാഡം, ടി. വി.-യിലൊക്കെ കാണുന്നതാണ് ജീവിതം എന്നാ ഇവൾ വിചാരിച്ചു വെച്ചിരിക്കുന്നത്!”

അവളുടെ മുഖം വീർത്തു. അവൾ അയാളോട് കയർത്തു.

സീൻ അവസാനിപ്പിക്കാമെന്ന് വെച്ച് ഞാൻ വേഗം ചന്ദ്രപ്പക്ക് പൈസ എടുത്തു കൊടുത്തു. അയാൾ സന്തോഷവാനായി.

“പൈസ കിട്ടിയ കാര്യം നീ പോയി അമ്മയോട് വിളമ്പണ്ട” അയാൾ മകളെ നോക്കി താക്കീത് ചെയ്തു.

അവൾ അതു പോലെ തന്നെ മുഖം വീർപ്പിച്ചു നിന്നു.

പെയിന്റ് ഡബ്ബകൾ കഴുകുന്നതിനിടയിൽ അവൾ പറഞ്ഞു.

“അപ്പാ പൈസ എല്ലാം ബാറിൽ കൊടുത്തു മുടിച്ചിരുക്ക്. വേറെ പൊണ്ടാട്ടികൾക്കും കൊടുക്കറുത്”

“വേറെ പൊണ്ടാട്ടിയോ?”

“ആമാ അക്കാ. മൂന്നു പേർ ഇരുക്ക്”

അവൾ പല കഥകളും പറഞ്ഞു കൈകളും കാലുകളും ഉരച്ച് കഴുകി പണി മുഴുവനാക്കി. ബാക്കിയുള്ള പെയിന്റ് ഡബ്ബകളും തൂക്കി അവൾ ഒരു കിലുക്കത്തോടെ നടന്നു പോയി. പിന്നീട് മല്ലികയെ ഞാൻ കണ്ടിട്ടില്ല. ചന്ദ്രപ്പ അപാർട്മെന്റിലെ പല വീടുകളിലും പെയിന്റ് പണിക്ക് വന്നിരുന്നു. പൈസ കിട്ടുന്ന ദിവസങ്ങളിൽ മദ്യപിച്ച് ലക്ക് കെട്ടുറങ്ങി, പിറ്റേന്ന് അയാൾ ജോലിക്കു വന്നിരുന്നില്ല. ഇതേ ചൊല്ലി പലരും പരാതിപ്പെട്ടു കൊണ്ടിരുന്നു.

ഒരിക്കൽ അപാർട്മെന്റ് അസോസിയേഷൻ അയാൾക്ക് വേണ്ടി പണപ്പിരിവു നടത്തിയപ്പോഴാണ് അയാളുടെ ഭാര്യ മരിച്ച വിവരം ഞാൻ അറിഞ്ഞത്.

“She hanged herself. What a tragedy!” ഗ്രൂപ്പിൽ പേയിൽ പൈസ അയക്കാൻ നിർദ്ദേശിച്ചു കൊണ്ട് അസോസിയേഷൻ സെക്രട്ടറി മെസേജ് ചെയ്തു.



“നിനക്കറിയില്ലേ, അയാളുടെ ഭാര്യയെ! കന്നി! പെയിന്റ് പണിക്ക് അയാളെ സഹായിക്കാൻ കൂടെ വരാറുണ്ട്. നല്ലൊരു പണിക്കാരി. അവൾ തൂങ്ങി മരിക്കാൻ സാധ്യതയില്ല. അയാൾ ചവിട്ടിക്കൊന്നതാവും”—പിന്നീടെന്നോ ഒരു സായാഹ്ന നടത്തത്തിനിടയിൽ കൂടെയുണ്ടായിരുന്ന സ്ത്രീകൾ ഏറെ ലാഘവത്തോടെ പറഞ്ഞു.

□

## സവിത, എൻ.



തൃശ്ശൂർ ജില്ലയിലെ പോട്ടോർ സ്വദേശി. ബാംഗ്ലൂരിൽ താമസം. ഏയറോസ്പേയ്സ് എഞ്ചിനീറിംഗ് മേഖലയിൽ പ്രവർത്തിക്കുന്നു.

ഇന്ത്യൻ എക്സ്പ്രസ് മലയാളം, മനോരമ ഓൺലൈൻ, ട്രൂ കോപ്പി തിങ്ക്, സിഡ്നി മലയാളം ലൈവ് തുടങ്ങിയ ഓൺലൈൻ പ്രസിദ്ധീകരണങ്ങളിൽ ലേഖനം, കഥ, കവിത തുടങ്ങിയവ എഴുതിയിട്ടുണ്ട്.

ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
*empowering the author …*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014